# അക്ഷരങ്ങൾ



# താളുകൾ മറിക്കുമ്പോൾ

1. സന്ദേശം

2. ചിത്രരചന 1

3. ചിത്രരചന 2

4. കവിത

5. കൊറോണ വൈറസ്-ലേഖനം

6. കഥ

7. ക്വിസ് കോർണർ

**കാ**ലത്തിന്റെ മാററങ്ങൾക്കനുസരിച്ചാണ് വിദ്യാഭ്യാസം വളരേണ്ടത്.ഓരോ കാലഘട്ടത്തിലും വ്യത്യസ്തമായ കഴിവുകളാണ് കുട്ടികളിൽ വളരേണ്ടത്.കഴിഞ്ഞ കാലത്തിൽ ആവ്യശ്യമിലാതിരുന്ന കമ്പ്യൂട്ടർ പരിഞ്ജാനം ഇന്ന് അത്യന്താപേഷിതമാണ് .

വിദ്യാഭ്യാസം ഒരു പുഴ പോലെ ഒഴുകേണ്ടതാണ്.കല്ലുകളിൽ കൊത്തി പൂർവികർതുടങ്ങിയ എഴുത്ത് വിദ്യ ഇന്ന് പനയോലയും കടലാസുകളും കടന്ന് ഡിജിറ്റൽഅക്ഷരങ്ങളിൽ എത്തിയിരിക്കുന്നു.ഇന്ന് പേനയുടെ സ്ഥാനം കീബോർഡ്കയ്യടക്കി കഴിഞ്ഞു.തന്റെ നാടിനെയും ചുറ്റുപാടുകളെയും അറിയുവാൻ സാങ്കേതിക വിദ്യാഭ്യാസത്തിനു കഴിയട്ടെ എന്ന് പ്രത്യാശിച്ചു കൊണ്ട് സമർപ്പിക്കുന്നു........

## അക്ഷരങ്ങൾ

എഡിററർ

**അക്ഷരങ്ങൾ**


പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക
ഗവ.ഹയർ സെക്കന്ററി സ്കൂൾ കണ്ടശ്ശാംകടവ്
സ്ഥാപിതം 1906
തൃശ്ശൂർ ജില്ല




# സന്ദേശം

വിദ്യാർത്ഥികളിൽ ഉറങ്ങിക്കിടക്കുന്ന സർഗ്ഗ വാസനകളെ ഉണർത്തിയില്ലെങ്കിൽ ഒരു പക്ഷെ അവ മറഞ്ഞു പോയേക്കാം. ഞങ്ങളുടെ കൊച്ചു കലാസൃഷ്ടികൾ ഇതാ അക്ഷരത്തിലൂടെ അവതരിപ്പിക്കുന്നു.....

പ്രധാനധ്യാപിക

അഭയ് വി എസ്






അഭിത്ത് ചന്ദ്രൻ



പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്മാരക
ഗവ.ഹയർ സെക്കണ്ടറി സ്ക്കൂൾ കണ്ടശ്ശാംകടവ്
2019 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷയിൽ
ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾ
DEVIKA.P.S
FULL A+
AADITH.K.R
FULL A+
PREM BYJU
FULL A+
SIVANI.O.S
FULL A+
NAVYA SAJEEVAN
9 A+
VIJAY KRISHNA
9 A+


SAHALA.R.M
8 A+
NANDANA.C
7 A+








ലഹരി ജീവിതം
മരണ ജീവിതം
NO SMOKING

# സ്ത്രീ

ഇനിയും ജനിക്കും നീ ഒരു പൂവായ്

സ്ത്രീയെ നീ തൻന്നെയാണ്

ദൈവം ജനിപ്പിച്ച മക്കളുടെ ദൈവം

കൈകൾ കൂപ്പി പ്രാത്ഥിക്കുന്ന ദൈവങ്ങളുടെ

ദൈവവും നീ തന്നെയാണ് സ്ത്രീയെ

നിൻെറ കണ്ണിൽ നിന്ന് പൊടിയുന്ന

ഓരോ കണ്ണുനരും ദൈവം

മഴയായ് നൽകുന്നു.

പിറന്ന് വീഴുന്ന ഓരോ കുഞ്ഞിന്റെയും

സന്തോഷങ്ങളിലും വിജയത്തിലും  നീ

അനുവഭവിച്ച പേറ്റ് നോവിന്റെ കണ്ണി

സുരമ്യ

# കൊറോണ വൈറസ്

മനുഷ്യരും പക്ഷികളും ഉൾപ്പെടെയുള്ള സസ്തനികളിൽ രോഗമുണ്ടാക്കുന്ന ഒരു കൂട്ടം വൈറസുകളാണ് **കൊറോണ വൈറസുകൾ.** ഇവ സാധാരണ ജലദോഷപ്പനി മുതൽ സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം(സാർസ്), മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം(മെർസ്) എന്നിവ വരെയുണ്ടാകാൻ ഇടയാക്കുന്ന ഒരു വലിയ കൂട്ടം വൈറസുകളാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള സസ്തനികളുടെ ശ്വാസനാളിയെ ബാധിക്കുന്നു. ജലദോഷം, ന്യൂമോണിയ, സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോ(SARS) ഇവയുമായി ബന്ധപ്പെട്ട ഈ വൈറസ് ഉദരത്തെയും ബാധിക്കാം.


നിഡോവൈറലസ് എന്ന നിരയിൽ കൊറോണവൈരിഡി കുടുംബത്തിലെ ഓർത്തോകോറോണവൈറിനി എന്ന ഉപകുടുംബത്തിലെ വൈറസുകളാണ് കൊറോണ വൈറസുകൾ.പോസിറ്റീവ്-സെൻസ് സിംഗിൾ-സ്ലാൻഡഡ് ആർഎൻഎ ജീനോം, ഹെലിക്കൽ സമമിതിയിൽ

ന്യൂക്ലിയോകാപ്സിഡ് എന്നിവ ഉപയോഗിച്ച് പൊതിഞ്ഞ വൈറസുകളാണ് കൊറോണ വൈറസുകൾ. കൊറോണ വൈറസുകളുടെ ജീനോമിക് വലുപ്പം ഏകദേശം 26 മുതൽ 32 കിലോബേസ് വരെയാണ്. ഇത് ആർഎൻഎ വൈറസിനേക്കാൾ ഏറ്റവും വലുതാണ്.

ബ്രോങ്കൈറ്റിസ് ബാധിച്ച പക്ഷികളിൽ നിന്നു 1937 ലാണ് ആദ്യമായി കൊറോണ വൈറസിനെ തിരിച്ചറിഞ്ഞത്. സാധാരണ ജലദോഷത്തിന് 15 മുതൽ 30 ശതമാനം വരെ കാരണം ഈ വൈറസുകൾ ആണ്. കഴിഞ്ഞ 70 വർഷങ്ങളായി, കൊറോണ വൈറസ് എലി, പട്ടി, പൂച്ച, ടർക്കി, കുതിര, പന്നി, കന്നുകാലികൾ ഇവയെ ബാധിക്കാമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി. മൃഗങ്ങൾക്കിടയിൽ പൊതുവേ ഇത് കണ്ടുവരുന്നുണ്ട്. സൂണോട്ടിക് എന്നാണ് ഇവയെ ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്. അതായത് ഇത്തരം വൈറസുകൾ മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്നവയാണ് എന്നർഥം.

ഇവ ശ്വാസനാളിയെയാണ് ബാധിക്കുക. ജലദോഷവും ന്യുമോണിയയുമൊക്കെയാണ് ഈ വൈറസ് ബാധയുടെ ലക്ഷണങ്ങൾ. രോഗം ഗുരുതരമായാൽ സാർസ്, ന്യൂമോണിയ, വൃക്കസ്തംഭനം എന്നിവയുണ്ടാകും. മരണവും സംഭവിക്കാം. ചൈനയിൽ ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത് ഇവയിൽ നിന്നനും അല്പം വ്യത്യസ്തമായ,

ജനിതകമാറ്റം വന്ന പുതിയ തരം കൊറോണ വൈറസാണ്.സാധാരണ ജലദോഷ പനിയെ പോലെ ശ്വാസകോശ നാളിയെയാണ് ഈ രോഗം ബാധിക്കുന്നത്. മൂക്കൊലിപ്പ്, ചുമ, തൊണ്ടവേദന, തലവേദന, പനി തുടങ്ങിയവയാണ് ലക്ഷണങ്ങൾ. ഇവ ഏതാനും ദിവസങ്ങൾ നീണ്ടുനിൽക്കും. പ്രതിരോധവ്യവസ്ഥ ദുർബലമായവരിൽ, അതായത് പ്രായമായവരിലും ചെറിയ കുട്ടികളിലും വൈറസ് പിടിമുറുക്കും. ഇതുവഴി ഇവരിൽ ന്യുമോണിയ, ബ്രോങ്കൈറ്റിസ് പോലുള്ള ശ്വാസോശ രോഗങ്ങൾ പിടിപെടും.



കൊറോണ

വൈറസ്

ആര്യനന്ദ

# പച്ചക്കറി കൃഷി





അനേഘ് കെ എസ്

# കിട്ടിയതിൽ പാതി

കള്ളൻ ഗുമ്മു മോഷ്ടിക്കാൻ ഒരു വലിയ വീടു കണ്ടുവച്ചു. രാത്രിയിൽ അവിടെ മോഷ്ടിക്കാനെത്തിയപ്പോൾ അതാ മറ്റൊരു കള്ളൻ-തിമ്മു!

"ഹും, ഞാനിവിടെ മോഷ്ടിക്കും. നീ നിന്റെ പാട്ടിനു പോ." അവർ തർക്കമായി. ഒടുവിൽ ഗുമ്മു പറഞ്ഞു: "ഞാൻ കയറി മോഷ്ടിക്കാം. കിട്ടുന്നതിൽ പാതി തന്നേക്കാം."

അതു സമ്മതിച്ച് സന്തോഷത്തോടെ തിമ്മു പുറത്തു നിന്നു. ഗുമ്മു മതിൽ ചാടി അകത്തു കടന്നു. അല്പം കഴിഞ്ഞപ്പോൾ ഗുമ്മു തിരിച്ചെത്തി. എന്നിട്ട് തിമ്മുവിന്റെ കൈ പിടിച്ച് ഒറ്റക്കടി!

" ഹയ്യോ"ഇത് എന്താ!

"കിട്ടിയതിൽ പാതി തന്നതാ, അവിടുത്തെ  പട്ടി എന്നെ രണ്ടു തവണ കടിച്ചു."

Shajimon

# ക്വിസ് കോർണർ

1.ഒന്നിനും നൂറിനുമിടയിൽ എത്ര ഇരട്ടസംഖ്യകൾ ഉണ്ട്

A.49

2.ഒരു സംഖ്യയോട് 50 കൂട്ടിയാൽ 300 കിട്ടുമെങ്കിൽ ആ സംഖ്യയിൽ നിന്നും 50 കുറച്ചാൽ എത്ര കിട്ടും?

A.200

3.കേരളത്തിൻെറ തീരമേഖലകളിൽ കാണുന്ന ധാതുസമ്പുഷ്ടമായ മണലിൻെറ പേര് എന്ത്?

A.കരിമണൽ

4.ഏററവും ചെറിയ നെഗററീവ് സംഖ്യ ഏത്?

A.-1

5.കുരുമുളക്,വെറ്റില തുടങ്ങിയവയെ ഉയരമുള്ള ഭിത്തികൾ, സസ്യങ്ങൾ എന്നിവയിൽ പടരുന്നതിന് സഹായിക്കുന്ന അവയുടെ വേരുകൾക്ക് പറയുന്ന പേരെന്ത്?

A.പറ്റുവേരുകൾ

6.വൃക്ഷങ്ങളെ മുരടിപ്പിച്ച് വളർത്തുന്ന സമ്പ്രദായത്തിന് പറയുന്ന പേരെന്ത്?

A.ബോൺ സായ്

7.ലോകത്തിലെ ഏറ്റവും വലിയ പഴം തരുന്ന സസ്യത്തിൻെറ പേരെന്ത്?

A.പ്ലാവ്

8.ഒരു ക്ലോക്കിലെ മണിക്കൂർ സൂചി ഒരു ദിവസം തിരിയുന്ന ഡിഗ്രി അളവ് എത്രയായിരിക്കും?

A.720

9.ആരാണ് ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്നതാര്?

A.വൈക്കം മുഹമ്മദ് ബഷീർ

10.’Black Market’ എന്ന് ഇംഗ്ലീഷ് ഭാഷയിൽ പറയുന്നതിന് ഉചിതമായ മലയാള പദമേത്?

A.കരിഞ്ചന്ത

# കടപ്പാട്

ഡിജിററൽ മാഗസിൻ

തയ്യാറാക്കുവാൻ സഹായിച്ച എല്ലാ

ലിററിൽ  കൈററ് അംഗങ്ങളൾക്കും

അവരെ സഹായിച്ച അധ്യാപകർ

ക്കും നന്ദി...........

# പി ജെ എം എസ് എച്ച് എസ് എസ് കണ്ടശ്ശാംകടവ്

